മിസ്റ്റർ കെ. അയ്യപ്പൻ:

(എ) മൈൽ ഒന്നാക്കു ഉദ്ദേശം ൧,൨ ൫ ൦ ക. ചിലവു വെയ്യുന്നു.

(ബി) മൈൽ ഒന്നാക്കു ഉദ്ദേശം ൨ ൫ ൦ ക. ചിലവുവെയ്യുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ തുക അല്പമൊന്നു വർദ്ധിപ്പിക്കുവാൻ ഗവണ്മെണ്ടിന്നു ദയവുണ്ടാകുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: പഞ്ചായത്തു റോഡിനു ഇരുപതും മതി എന്നു വിചാരിച്ചിട്ടാണു ഇരുപതും വെച്ചിരിക്കുന്നതു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: അല്പംകൂടി വർദ്ധിപ്പിക്കാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: സംഖ്യയുടെ സ്ഥിതിയനുസരിച്ചു ചെയ്യാനെ നിവൃത്തിയുള്ളു?

DISPENSARY AT KANDAKKADAVU—PARTICULARS OF

181. (187) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കണ്ടക്കടവു ഡിസ്പെൻസറിയിൽ രോഗികളെ പാർപ്പിച്ചു ചികിത്സക്കു സൌകര്യങ്ങളുണ്ടോ.

(ബി) ഉണ്ടെങ്കിൽ എത്രപേർക്കു;

(സി) അവിടെനിന്നും ഏറ്റവും അടുത്ത ഗവണ്മെണ്ടു് ആശുപത്രി ഏതാണു;

(ഡി) ഇവ തമ്മിലുള്ള അകലമെന്തു?

(ഇ) സാധാരണ ഗതാഗതമാർഗ്ഗങ്ങൾ എന്തു?

മിസ്റ്റർ സി. എ. ഔസേപ്പു:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) മഹാരാജാസു് ആസ്പത്രി, പള്ളുരുത്തി.

(ഡി) ഉദ്ദേശം ൫ നാഴിക.

(ഇ) റോഡുവഴിയും വഞ്ചിവഴിയും.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: രോഗികളെ പാർപ്പിച്ചു ചികത്സിക്കുവാനുള്ള സൌകര്യം ചെയ്യുകൊടുക്കണമെന്നു് ആണററി സന്ദർശകന്മാർ ഗവണ്മെണ്ടിനെ അറിയിച്ചിട്ടു അതിനു അനുകൂലമായ മറുപടി കൊടുത്തിട്ടുള്ളതായി അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പു: നോട്ടീസു വേണം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: റോഡുവഴിയും മറുകരം എത്താനുള്ള റോഡു് അവിടെ എവിടെയാണു?

മിസ്റ്റർ സി. എ. ഔസേപ്പു: അവിടെ റോഡിൽ കൂടി പോകാം. വഞ്ചിയിൽക്കൂടി പോയാൽ റോഡിൽ ചെല്ലാം. റോഡിൽക്കൂടി പോയാൽ ആശുപത്രിയിൽ ചെല്ലാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ എത്രയും രോഗികളെ പാർപ്പിച്ചു ചികത്സിക്കുവാനുള്ള സൌകര്യം ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പു: ഗവണ്മെണ്ടു് വളരെ ഉൽക്കണ്ഠയോടുകൂടി ഈവക കാര്യങ്ങളെപ്പററി ആലോചിച്ചുവരുന്നുണ്ടു്.

Mr. President: Questions over. Now we shall get on with the legislative business.

3. LEGISLATIVE BUSINESS—GOVERNMENT BILLS—

(a) THIRD READING

(i) The Cochin Public Health Bill

Mr. C. A. Ouseph *(Minister for Education and Public Health):* Sir, I move that the Cochin Public Health Bill be taken up and finally passed.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

Mr. President: The question is that the Cochin Public Health Bill be taken up and finally passed.

Motion put and carried

(ii) The Cochin Cattle Diseases Prevention Act (Amendment) Bill

Mr. E. Ikkanda Warrier *(Prime Minister):* Sir, I move that the Cochin Cattle Disease Prevention Act (Amendment) Bill be taken up and finally passed.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

LIBRARY ARCHIVES Kerala Legislative Assembly